# 'ഇത് ഭൂമിയാണ്.....'

പി.എ.എം ഹനീഫ്

**മലയാള** നാടക വേദിയിലെ ആചാര്യ സ്ഥാനീയരിൽ അവസാന കണ്ണിയും വിടവാങ്ങി. കെ.ടി മുഹമ്മദിന്റെ വേർപാടോടെ പഴയ തലമുറയിലെ നാടക രചയിതാക്കളാരും ഇനി ഇല്ല.

കെ.ടി മുഹമ്മദ് രചയിതാവ് മാത്രമായിരുന്നില്ല.... സംവിധായകൻ, ഗാനരചയിതാവ്, നടൻ തുടങ്ങി അരങ്ങിന്റെ ഭാഷ ചമയ്ക്കാൻ പാകത്തിൽ സകലതും കെടിക്ക് വശമായിരുന്നു.

ബാബുരാജ് എന്ന സംഗീത സംവിധായകനെ കണ്ടെത്തിയ കുഞ്ഞാമദ്ക്കയുടെ മറ്റൊരു കണ്ടുപിടുത്തമായിരുന്നു കെ.ടി മുഹമ്മദ്. ലോക ചെറുകഥാ മത്സരത്തിന് 'കണ്ണുകൾ' അയക്കുംമുമ്പ് അത് വായിക്കാനും അഭിപ്രായം പറയാനും കെ.ടി ആദ്യം തേടിയെത്തിയത് കുഞ്ഞാമദ്ക്കായെ. അതു വായിച്ച ആ കലാസ്നേഹി പറഞ്ഞു: 'ഇത് വല്ലാത്തൊരു ആശയമാണ്.... ലോകത്താരും പറയാത്തത്...!'

പ്രവചനമായിരുന്നില്ല അത്. അത്രക്ക് കലാമർമ്മജ്ഞനായിരുന്നു കുഞ്ഞാമദ്ക്ക....

'കണ്ണുകളോ'ടെ കെ.ടി മലയാള സാഹിത്യത്തിൽ ലബ്ധ പ്രതിഷ്ഠനായി... കമ്യൂണിസമോ സോഷ്യലിസമോ കെ.ടിയെ ഒരിക്കലും സാഹിത്യ രചനക്ക് പ്രേരിപ്പിച്ചിട്ടില്ല. ആറാം ക്ലാസുകാരൻ മൂസക്ക എന്ന തപാൽവകുപ്പ് മേധാവിയുടെ ഒത്താശയോടെ ലഭിച്ച ക്ലാസ് ഫോർ ഉദ്യോഗംപോലും കെ.ടി വലിച്ചെറിഞ്ഞത് അക്കാലത്തെ ഇടതുപക്ഷ യൂനിയനുകളോടുള്ള അമർഷം കൊണ്ടാണ്. നക്കാപ്പിച്ചകൾ സ്വീകരിച്ച് യൂനിയനുകൾ ഒത്തുതീർപ്പിന് സമ്മതിച്ചപ്പോൾ കെ.ടി ഇടഞ്ഞു. 'പിരിച്ചുവിട്ട മുഴുവൻ മനുഷ്യർക്കും ജോലി മടക്കി നൽകാതെ ഞാൻ ജോലിക്കു കയറില്ല....' ഇതായിരുന്നു കെ.ടിയുടെ നിലപാട്.

കെ.ടി ഞാനറിഞ്ഞേടത്തോളം മതത്തിനോ മതമൂല്യങ്ങൾക്കോ എതിരായിരുന്നില്ല. ബാബരി മസ്ജിദ് പ്രശ്നം ആളിക്കത്തിയപ്പോൾ കെ.ടി തുറന്നു ചോദിച്ചു:

'മസ്ജിദ് മുസ്‌ലിംകൾക്കവകാശപ്പെട്ടതാണ്... പക്ഷേ, മസ്ജിദിൽ എല്ലാവർക്കും പ്രവേശനമാകണം.... സുന്നികൾക്ക് പ്രവേശനമില്ല..... മുജാഹിദുകൾക്ക് പ്രവേശനമില്ല... എന്നൊക്കെ ബോർഡു വെക്കുന്നേടത്താണ് എന്റെ തർക്കങ്ങൾ.....'

'അച്ഛനും ബാപ്പയും' നാടകത്തിൽ കെ.ടി എഴുതി:

'കാപ്പി ആകാം... ചായയും.... പക്ഷേ, ഇതു രണ്ടും കൂട്ടിക്കലർത്തിയ 'ചാപ്പി' എനിക്ക് വശമില്ല...'



*മണ്ണാർക്കാട്ടെ എസ്.ഐ.ഒ നാടക ക്യാമ്പിൽ കെ.ടി*

'ഇത് ഭൂമിയാണ്...' എന്ന് കെ.ടി ഉദ്ഘോഷിച്ചത് മുഴുവൻ മനുഷ്യരോടുമാണ്...

ഇസ്‌ലാമിനോ പ്രവാചകനോ വിശുദ്ധ ഖുർആനെതിരെയോ കെ.ടി ഒരു വരി പോലും എഴുതിയിട്ടില്ല. മുസ്‌ലിം സമൂഹത്തിൽ യാഥാസ്ഥിതിക പൗരോഹിത്യം ഉയർത്തിക്കെട്ടിയ പടുകൂറ്റൻ മതിലുകൾക്കെതിരെ കെ.ടി തൂലിക ചലിപ്പിച്ചു.

പന്ത്രണ്ടു വയസ്സുകാരനായ കെ.ടി പട്ടാളപ്പള്ളിയിൽ നമസ്കാരത്തിന്റെ ഇടവേളകളിൽ ഖുർആൻ ഉറക്കെ പാരായണം ചെയ്യുമ്പോൾ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് അടുത്തു ചെന്നു പറഞ്ഞു:

'പതുക്കെ വായിക്കണം... ഇത് ജീവിത സിദ്ധാന്തമാണ്.....'

കെ.ടി പറയുന്നു:

'ഖുർആൻ പറഞ്ഞ വ്യവസ്ഥയനുസരിച്ച് ജീവിച്ചാൽ മാത്രമേ മോക്ഷം ലഭിക്കുകയുള്ളൂ.. ഖുർആൻ ആയിരം തവണ വായിച്ചാലും മോക്ഷം ലഭിക്കുകയില്ല.. അങ്ങനെയാണ് എന്റെ പിന്നീടുള്ള വായനയും പഠനവും മതത്തിലെ അനാചാരങ്ങളെ നിഷേധിച്ചുള്ള ഒന്നായി മാറിയത്.'

ഒരിക്കൽ സംസാരിച്ചിരിക്കെ കെ.ടി ഒരു സന്ദേഹമുന്നയിച്ചു:

'എടാ, എന്നെ കാക്കാമാര് പള്ളിയിൽ അടക്കില്ലേ...?'

ഉത്തരം പറയാൻ ഞാൻ സന്ദേഹിച്ചു. കെ.ടി തന്നെ ഉത്തരം പറഞ്ഞു:

'അടക്കാതിരിക്കാൻ മാത്രം ഇസ്‌ലാമിനെതിരെ ഞാനൊന്നും എഴുതിയിട്ടില്ല...'

ഉവ്വ്, കെ.ടിക്ക് പുതിയങ്ങാടി ഖബർസ്താനിൽ 'ആറടി ഭൂമി' സമൂഹം തയാറാക്കി... അപ്പോഴും കെ.ടി മന്ത്രിക്കുന്നു...

'ഇത് ഭൂമിയാണ്....' ■